പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2414

18.12.2012-ലെ മറുപടിയ്ക്ക്

**ഭക്ഷ്യ സംസ്ക്കരണ മിഷൻ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.പി. വിൻസെൻറ്<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ.റ്റി.എൻ.പ്രതാപൻ<br>ശ്രീ.കെ.അച്ചുതൻ | ശ്രീ.പി. കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഭക്ഷ്യ സംസ്ക്കരണ മിഷൻ നിലവിൽ വന്നിട്ടുണ്ടോ; വിശദമാക്കുമോ; | (എ) കേന്ദ്ര ഭക്ഷ്യ സംസ്ക്കരണ മന്ത്രാലയം നടപ്പിലാക്കിയ ദേശീയ ഭക്ഷ്യ സംസ്ക്കരണമിഷൻെറ ചുവടു പിടിച്ച് സംസ്ഥാന ഭക്ഷ്യ സംസ്ക്കരണ മിഷൻ രൂപീകരിച്ചിട്ടുണ്ട്. നയപരമായ തീരുമാനങ്ങൾ എടുക്കുന്നതിനു വേണ്ടി ബഹു: വ്യവസായ മന്ത്രി അദ്ധ്യക്ഷനായി ഭക്ഷ്യ സംസ്ക്കരണ വികസന കൗൺസിലും മിഷൻെറ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും പദ്ധതികൾ നടപ്പിലാക്കുന്നതിനുമായി അഡീഷണൽ ചീഫ് സെക്രട്ടറി, വ്യവസായം അദ്ധ്യക്ഷനായി ഒരു എക്സിക്യൂട്ടീവ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ; | ബി) | ഭക്ഷ്യ സംസ്ക്കരണ മിഷൻെറ ഉദ്ദേശ ലക്ഷ്യങ്ങൾ താഴെപറയുന്നവയാണ്:<br>കേന്ദ്ര ഭക്ഷ്യ സംസ്ക്കരണ മന്ത്രാലയം വിഭാവനം ചെയ്ത പദ്ധതികൾ വികേന്ദ്രീകരിച്ച് പ്രസ്തുത പദ്ധതികളുടെ കീഴിൽ അനുവദിക്കപ്പെട്ടിട്ടുള്ള തുക സംസ്ഥാനങ്ങൾക്ക് വിവിധ പദ്ധതികൾ മുൻഗണനാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിന് വേണ്ടിയുള്ളതാണ് സംസ്ഥാന ഭക്ഷ്യ സംസ്ക്കരണ മിഷൻ. പ്രസ്തുത ഫണ്ടുകൾ വിവിധ പദ്ധതികൾക്കായി ചിലവഴിക്കുന്നതിന് സംസ്ഥാനങ്ങൾക്ക് ഇത് കൂടുതൽ അധികാരങ്ങൾ നൽകുന്നു. കൂടാതെ പദ്ധതികൾ തിരഞ്ഞെടുക്കുകയും അവയുടെ പ്രയോജനം യഥാർത്ഥ ഉപഭോക്താക്കളിൽ എത്തിക്കുക എന്ന ലക്ഷ്യവും മിഷനുണ്ട്. ഇതുവഴി സംസ്ഥാനങ്ങൾക്ക് പദ്ധതി നടത്തിപ്പ് വിശകലനം ചെയ്യുന്നതിനും അവയുടെ മേൽനോട്ടം ഭംഗിയായി നിർവ്വഹിക്കുന്നതിനും അവസരം ലഭിക്കുന്നു. പ്രസ്തുത മിഷൻെറ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് ആരംഭിച്ചുകഴിഞ്ഞു. |
| സി) | പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിൻെറ നോഡൽ ഏജൻസി ആരാണ്? | സി) | സംസ്ഥാനത്ത് പദ്ധതി നടപ്പിലാക്കുന്നതിൻെറ നോഡൽ ഏജൻസി കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെൻറ് കോർപ്പറേഷനാണ്. |

സെക്ഷൻ ഓഫീസർ